**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 826** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഹാർബറുകളിലെ മണൽ വാരൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഹാർബറുകളുടെ ആഴം കൂട്ടുന്നതിനായി, മണൽവാരി നീക്കം ചെയ്യുന്ന പ്രക്രിയ നടപ്പാക്കുന്ന സംസ്ഥാനത്തെ ഹാർബറുകളുടെയും ഓരോ ഹാർബറിലും മണൽ നീക്കം ചെയ്യുന്നതിനായി സ്വീകരിച്ചുവരുന്ന രീതികളുടെയും വിശദാംശം ലഭ്യമാക്കുമോ; | (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിൽ പ്രവർത്തനക്ഷമമായ 22 മത്സ്യബന്ധന തുറമുഖങ്ങൾ നിലവിലുണ്ട്. ഓരോ ഹാർബറിന്റെയും മാതൃകാ പഠന റിപ്പോർട്ട് അനുസരിച്ച് periodic maintenance dredging ആവശ്യമാണ്. മത്സ്യബന്ധന യാനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി ഹാർബർ ബേസിൻ, ചാനൽ എന്നിവയുടെ ആഴം കൂട്ടുന്നതിനായി ഡ്രഡ്ജർ ഉപയോഗിച്ച് ഡ്രഡ്ജിംഗ് നടത്തി വരുന്നുണ്ട്. എന്നാൽ ചില ഹാർബറുകളിൽ സാൻഡ് പമ്പ് ഉപയോഗിച്ചും ഡ്രഡ്ജിംഗ് നടത്താറുണ്ട്. ഡ്രഡ്ജ് ചെയ്യുന്ന മണ്ണിന്റെ ഘടന, മണ്ണിലെ മിനറലിന്റെ സാന്നിദ്ധ്യം, ഹാർബറിലെ സ്ഥല സൗകര്യം എന്നിവയനുസരിച്ച് ഡ്രഡ്ജ് ചെയ്ത് യാർഡിൽ ഡമ്പ് ചെയ്യുക, ഉൾക്കടലിൽ നിക്ഷേപിക്കുക എന്നീ രീതികളാണ് അവലംബിച്ചു വരുന്നത്. |
| (ബി) | മണൽ വാരി നീക്കം ചെയ്യുന്ന ഇനത്തിൽ ഓരോ ഹാർബറിനും ചെലവാകുന്ന തുക എത്രയെന്ന് വിശദമാക്കുമോ; | (ബി) | ഓരോ ഹാർബറിന്റെയും മാതൃകാ പഠന റിപ്പോർട്ട് അനുസരിച്ച് ഡ്രെഡ്ജിംഗിനായി ഓരോ ഹാർബറിനും ചെലവാകുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| നം. | ഹാർബറിന്റെ പേര് | ചെലവായ തുക (രൂപ) |
|---|---|---|
| 1 | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം | 1,72,83,919/-<br>(2024-25) |
| 2 | നീണ്ടകര മത്സ്യബന്ധന തുറമുഖം | 2,22,41,407/-<br>(2021-25) |
| 3 | ആലപ്പാട്, അഴീക്കൽ, തോട്ടപ്പള്ളി | 6,15,01,272/- |
| 4 | ചെല്ലാനം മത്സ്യബന്ധന തുറമുഖം | 20,57,358/-<br>(2018-25) |
| 5 | ചേറ്റുവ മത്സ്യബന്ധന തുറമുഖം | 5,37,81,875/-<br>(2021-25) |

| | | |
|---|---|---|
| 6 | പൊന്നാനി മത്സ്യബന്ധന തുറമുഖം | 3,49,66,547/-<br><br>(2023-24) |
| 7 | താനൂർ മത്സ്യബന്ധന തുറമുഖം | 72,41,737/-<br><br>(2023-24) |
| 8 | വെള്ളയിൽ മത്സ്യബന്ധന തുറമുഖം | 2,20,68,109.309/-<br><br>(2023-24) |
| 9 | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം | 5,14,78,087/-<br><br>(2023-24) |
| 10 | പുതിയാപ്പ മത്സ്യബന്ധന തുറമുഖം | 4,16,51,820/-<br><br>(2023-25) |
| 11 | ബേപ്പൂർ മത്സ്യബന്ധന തുറമുഖം | 5,94,00,000/-<br><br>(2024-25) |
| 12 | തലായ് മത്സ്യബന്ധന തുറമുഖം | 68,56,067/-<br><br>(2020-21) |
| 13 | മാപ്പിളബേ മത്സ്യബന്ധന തുറമുഖം | 82,80,484.98/- (without GST)<br><br>(2021-22)<br><br>71,13,335.57/- (without GST)<br><br>(2022-23) |
| 14 | അഴീക്കൽ മത്സ്യബന്ധന തുറമുഖം | 11,59,000/- |
| 15 | ചെറുവത്തൂർ ഹാർബർ | 94,28,641/-<br><br>(2023-25) |

(സി) ഓരോ ഹാർബറിൽ നിന്നും പ്രതിവർഷം നീക്കം ചെയ്യപ്പെടുന്ന മണലിന്റെ അളവും, വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനവും എത്രയെന്ന് വിശദമാക്കുമോ;

(സി)

| **നം.** | **ഹാർബറിന്റെ പേര്** | **നീക്കം ചെയ്ത മണലിന്റെ അളവ് (ക്യൂമീ)** | **ലഭിച്ച വരുമാനം (രൂപ)** |
|---|---|---|---|
| 1 | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം | 83,624 (2024-25) | മണൽ വിൽപ്പന നടത്തിയിട്ടില്ല |
| 2 | നീണ്ടകര മത്സ്യബന്ധന തുറമുഖം | 83,693.176<br><br>(2021-25) | 2,21,26,810/- |

| | | | |
|---|---|---|---|
| 3 | ആലപ്പാട്, അഴീക്കൽ | 27156.67 | 1,11,77,682/- |
| 4 | തോട്ടപ്പള്ളി | 1,38,893.871 (2018 മുതൽ ) | 6,48,34,291.64/- |
| 5 | ചെല്ലാനം മത്സ്യബന്ധന തുറമുഖം | 13,715 | മണൽ വിൽപ്പന നടത്തിയിട്ടില്ല |
| 6 | ചേറ്റുവ മത്സ്യബന്ധന തുറമുഖം | 2,64,100 (2021-25) | മണൽ വിൽപ്പന നടത്തിയിട്ടില്ല |
| 7 | പൊന്നാനി മത്സ്യബന്ധന തുറമുഖം | 1,96,032 (2023-24) | മണൽ വിൽപ്പന നടത്തിയിട്ടില്ല |
| 8 | താനൂർ മത്സ്യബന്ധന തുറമുഖം | 34,549.71 (2023-24) | മണൽ വിൽപ്പന നടത്തിയിട്ടില്ല |
| 9 | വെള്ളയിൽ മത്സ്യബന്ധന തുറമുഖം | 1,12,729.3 (2023-24) | 54,79,500/- |
| 10 | പുതിയാപ്പ മത്സ്യബന്ധന തുറമുഖം | 1,09,762.19 (2023-25) | 86,36,045/- |
| 11 | മാപ്പിളബേ മത്സ്യബന്ധന തുറമുഖം | 49,391.5 (2021-22) | 25,50,000/- |
| | | 69,883.59 (2022-23) | മണൽ വിൽപ്പന നടത്തിയിട്ടില്ല |
| 12 | ചെറുവത്തൂർ ഹാർബർ | 35,565.4 (2023-25) | മണൽ വിൽപ്പന നടത്തിയിട്ടില്ല |

| | | | |
|---|---|---|---|
| (ഡി) | മണൽവാരൽ തൊഴിലാളികൾ മുഖേന മണൽ നീക്കം നടത്തുന്ന ഹാർബറുകളിലെ മണലിന്റെയും, തൊഴിലാളികൾക്ക് നൽകുന്ന കൂലിയുടെയും നിരക്കുകൾ ലഭ്യമാക്കുമോ; | (ഡി) | മത്സ്യ ബന്ധന തുറമുഖങ്ങളിൽ മണൽ വാരൽ തൊഴിലാളികൾ മുഖേന മണൽ നീക്കം ചെയ്യുന്നില്ല. |
| (ഇ) | ഇപ്രകാരം ഹാർബറുകളിൽ മണൽ വില്പന നടത്തുമ്പോൾ തൊഴിലാളികൾക്ക് കൂലി | (ഇ) | മത്സ്യ ബന്ധന തുറമുഖങ്ങളിൽ മണൽ വാരൽ തൊഴിലാളികൾ മുഖേന മണൽ നീക്കം ചെയ്യുന്നില്ല. |

| | | | |
|---|---|---|---|
| | നൽകുന്ന ഇനത്തിലും തറവാടക ഫീസുകൾ തുടങ്ങി മറ്റ് ഇനങ്ങളിലുമായി ഓരോ ഹാർബറിലും ഉണ്ടാകുന്ന ചെലവുകൾ എത്രയെന്ന് വിശദമാക്കുമോ; | | |
| (എഫ്) | മണൽ വില്പനയിലൂടെ അല്ലാതെ, മറ്റെന്തെല്ലാം ഇനങ്ങളിലുള്ള വരുമാനമാണ് മാരിടൈം ബോർഡിന് തുറമുഖ നടത്തിപ്പിലൂടെ ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (എഫ്) | മാരിടൈം ബോർഡിന് മണൽ വിൽപ്പനയിലൂടെ അല്ലാതെ തുറമുഖ നടത്തിപ്പിലൂടെ താഴെപ്പറയുന്ന ഇനങ്ങളിൽ വരുമാനങ്ങൾ ലഭിക്കുന്നുണ്ട്.<br>i. ഭൂമി, കെട്ടിടങ്ങൾ, ജെട്ടികൾ എന്നിവ ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് വഴി ലഭിക്കുന്ന വാടക/ ഫീസ്.<br>ii. കേരള സംസ്ഥാന തുറമുഖ ഹാർബർ ക്രാഫ്റ്റ് ചട്ടങ്ങൾ 1970 പ്രകാരം ഉള്ള ജലയാനങ്ങളുടെ ലൈസൻസ് ഫീസ്.<br>iii. ഇൻ ലാൻഡ് വെസൽ ആക്ട് നടത്തിപ്പിലൂടെ ലഭിക്കുന്ന വരുമാനങ്ങൾ.<br>iv. Port dues, Import- export dues, Tug Charge, Piolotage charge, Crane-Forklift charge, wharfage, visitors fee, crew change, Barge fee മുതലായവ. |
| (ജി) | വടകര തുറമുഖവുമായി ബന്ധപ്പെട്ട്, നിലവിൽ മാരിടൈം ബോർഡ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ജി) | വടകര തുറമുഖ പരിധിയിൽ കുറ്റിയാടി പുഴയുടെ കോട്ടയ്ക്കൽ അഴിമുഖത്ത് ജലയാനങ്ങളുടെ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്നതായ അഴിമുഖ ഭാഗങ്ങളിൽ നിന്ന് മണൽ നീക്കം ചെയ്യുന്നതിന് വടകര, പയ്യോളി മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്ക്, മാസംതോറും ഉള്ള അപേക്ഷ പരിഗണിച്ച് മാനുവൽ ഡ്രഡ്ജിങ് പെർമിറ്റ് പുതുക്കി അനുവദിക്കുന്നു. മാനുവൽ ഡ്രഡ്ജിങ്ങിലൂടെ ശേഖരിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഉപഭോക്താക്കളിലേക്ക് വെബ് സൈറ്റ് വഴി സുതാര്യമായ രീതിയിൽ വിൽപ്പന നടത്തിവരുന്നു. വടകര തുറമുഖ ഭൂമി, കെട്ടിടങ്ങൾ എന്നിവ ഫീസ് ഈടാക്കിക്കൊണ്ട് ലൈസൻസ് വ്യവസ്ഥയിൽ സ്ഥാപനങ്ങൾക്ക്/സ്വകാര്യ വ്യക്തികൾക്ക് നൽകുന്നുണ്ട്. ജലയാനങ്ങൾക്ക് ഹാർബർ ക്രാഫ്റ്റ് ചട്ടങ്ങൾ 1970 പ്രകാരം ലൈസൻസ് നൽകുന്നുണ്ട്. സ്ഥാപനങ്ങൾക്ക്/സ്വകാര്യ വ്യക്തികൾക്ക് ഫീസ് ഈടാക്കിക്കൊണ്ട് ജെട്ടി, സ്ലിപ്പ് വേ ലൈസൻസ് എന്നിവ അനുവദിക്കുന്നുണ്ട്. കൂടാതെ ഇന്ത്യൻ നേവിയുടെ വാർ വാച്ചിംഗ് ചുമതലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ കോസ്റ്റൽ സെക്യൂരിറ്റി ചുമതലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇന്ത്യൻ ഷിപ്പിംഗ് റൂൾസ് എന്നിവയുമായി ബന്ധപ്പെട്ട ചുമതലകളും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ